കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിന്റെ തീരുമാനം പിൻവലിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് കേരള സർക്കാർ കേന്ദ്രപരിസ്ഥിതി വനംവകുപ്പ് മന്ത്രാലയത്തിന് കത്തെഴുതിയിട്ടുണ്ട്. കൂടാതെ 13-2-2003-ന് തിരുവനന്തപുരത്തു വച്ച് കേരളവും തമിഴ്നാടും തമ്മിൽ നടന്ന മന്ത്രിതല യോഗത്തിൽ ഇക്കാര്യം ചർച്ച ചെയ്യുകയുണ്ടായി.

(സി) ഉദിക്കുന്നില്ല.

മുല്ലപ്പെരിയാർ ഡാമിൽ നിന്നും തമിഴ്നാട് കൊണ്ടുപോകുന്ന ജലത്തെ സംബന്ധിച്ച കരാർ

6 (3946) ശ്രീ. റ്റി. എൻ. പ്രതാപൻ :
ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ :
ശ്രീ. കെ. എ. ചന്ദ്രൻ :
ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ :
ശ്രീ. ഡി. സുഗതൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുല്ലപ്പെരിയാർ അണക്കെട്ടിൽ നിന്നും തമിഴ്നാട് കൊണ്ടുപോകുന്ന ജലത്തിന്റെ ഉപയോഗത്തെ സംബന്ധിച്ച് തമിഴ്നാടുമായി നടന്ന കേസിന്റെ രേഖകൾ ലഭ്യമാണോ ;

(ബി) ആണെങ്കിൽ ഈ രേഖകളിൽ പ്രസ്തുത അണക്കെട്ടിലെ വെള്ളം എത്രകാലം ഉപയോഗിക്കുവാൻ തമിഴ്നാടിനെ അനുവദിച്ചു എന്നത് സംബന്ധിച്ച് പറഞ്ഞിട്ടുണ്ടോ ;

(സി) മുല്ലപ്പെരിയാർ നദീജലകരാറിനെപ്പറ്റി നാഗമയ്യായുടെയോ സദസ്യതിലകൻ ടി. കെ. വേലുപ്പിള്ളയുടേയോ സ്റ്റേറ്റ്മാനുവലിലോ മറ്റേതെങ്കിലും പ്രസിദ്ധീകൃത ഗ്രന്ഥങ്ങളിലോ പ്രതിപാദിച്ചിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ പ്രസ്തുത കരാറിന്റെ കാലാവധി എത്രയാണെന്നാണ് ഈ മാനുവലുകളിൽ പറഞ്ഞിട്ടുള്ളത് ;

(ഇ) അറിയപ്പെടുന്ന നിയമത്തിൽ എവിടെയെങ്കിലും ഒരു കരാറിന് 999 (തൊള്ളായിരത്തി തൊണ്ണൂറ്റി ഒൻപത്) കൊല്ലത്തെ കാലാവധി പറഞ്ഞിട്ടുണ്ടോ ;

(എഫ്) നിയമത്തിന് അജ്ഞാതമായ ഈ കാലാവധിയെ റദ്ദ് ചെയ്യാത്തതെന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) തമിഴ്നാടുമായി ആർബിട്രേഷൻ ട്രൈബ്യൂണലിൽ നടന്ന കേസിന്റെ രേഖകളുടെ കോപ്പി ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ബി-ഡി) ഉണ്ട്. ടി കരാറിന്റെ കൈയെഴുത്ത് പ്രതി ഇപ്പോഴും സെക്രട്ടേറിയറ്റിലുണ്ട്. മുല്ലപ്പെരിയാർ കരാറിന്റെ കൈയെഴുത്ത് കോപ്പിയിലും അച്ചടിച്ച കോപ്പിയിലും കരാറിന്റെ കാലാവധി 999 വർഷം എന്നാണ് പറഞ്ഞിരിക്കുന്നത്. അതിനാൽ സ്റ്റേറ്റ് മാനുവലിലോ മറ്റേതെങ്കിലും പ്രസിദ്ധീകൃത ഗ്രന്ഥങ്ങളിലോ കരാറിനെപ്പറ്റി പ്രതിപാദിച്ചിട്ടുണ്ടോ എന്ന് പരിശോധിച്ചിട്ടില്ല.

(ഇ) ഈ കരാർ ഇത്രകൊല്ലത്തെ കാലാവധിവച്ചു മാത്രമേ വയ്ക്കാവൂ എന്ന് നിലവിലുള്ള ഏതെങ്കിലും നിയമത്തിൽ വ്യവസ്ഥയില്ല.

(എഫ്) 999 വർഷ കാലാവധി എന്നത് നിയമ വിധേയമായതുകൊണ്ട് നിയമവിധേയമല്ല എന്ന കാരണത്താൽ റദ്ദുചെയ്യുന്ന കാര്യം ഉദിക്കുന്നില്ല.

നെയ്യാറിൽ നിന്നും തമിഴ്നാടിന് നൽകുന്ന വെള്ളം

7 (3947) ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെയ്യാറിൽ നിന്നും തമിഴ്നാടിന് നൽകുന്ന വെള്ളത്തിന് വില ഈടാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) വില ഈടാക്കാൻ ഉദ്ദേശിക്കുന്നുണ്ടെങ്കിൽ വില ഈടാക്കുന്നതോടെ തമിഴ്നാടിന് നെയ്യാറിലെ ജലത്തിൻമേൽ അവകാശവാദം ഉന്നയിക്കാൻ അവസരം നൽകും എന്നതിന്റെ നിയമ സാദ്ധ്യതയെക്കുറിച്ച് നിയമ വിദഗ്ദ്ധരുമായി ചർച്ച നടത്തിയിട്ടുണ്ടോ ;

(സി) യാതൊരു കരാറുമില്ലാതെ നെയ്യാറിലെ വെള്ളം തമിഴ്നാടിന് നൽകുന്നത് സംബന്ധിച്ച് പുനഃപരിശോധന നടത്തുമോ ?

ഉത്തരം

(എ) നെയ്യാറിൽ നിന്നും കന്യാകുമാരി ജില്ലയിലെ വിളവംകോട് താലൂക്കിലെ കൃഷി ആവശ്യങ്ങൾക്കായി നൽകപ്പെടുന്ന ജലത്തിന്റെ അളവ് കണക്കാക്കി, വാണിജ്യാടിസ്ഥാനത്തിൽ കാലാകാലങ്ങളിൽ റിവിഷനുവിധേയമായി ഒരു വില നിശ്ചയിച്ച് തമിഴ്നാട് ഗവൺമെന്റിൽ നിന്നും ഈ തുക പ്രതിഫലമായി വസൂലാക്കണമെന്ന നിർദ്ദേശം പരിഗണനയിലുണ്ട്.

(ബി) നെയ്യാറിലെ ജലം പങ്കിടുന്നത് സംബന്ധിച്ച് തമിഴ്നാട് തയ്യാറാക്കിയ എഗ്രിമെന്റിന്റെ കരട് പരിശോധിച്ച് റിപ്പോർട്ട് നൽകുവാൻ കേരള ഗവൺമെന്റ് ജി.ഒ. (ആർടി.) 1357/97/ ഐ.ആർ.ഡി. തീയതി 30-9-1997 പ്രകാരം നിയോഗിച്ച കമ്മിറ്റി നിരവധി ചർച്ചകൾക്കുശേഷം താഴെ പറയുന്ന നിഗമനത്തിലെത്തുകയുണ്ടായി. കേരളത്തിൽ ഉത്ഭവിച്ച് കേരളത്തിലൂടെ ഒഴുകുന്ന നെയ്യാർ ഒരു അന്തർ സംസ്ഥാന നദിയല്ല. നാളിതുവരെ തമിഴ്നാടുമായി ഏർപ്പെട്ട അന്തർ സംസ്ഥാന നദീജല പങ്കിടൽ കരാറുകളൊന്നും തന്നെ കേരളത്തിന് ഗുണകരമായി ഭവിച്ചിട്ടില്ല. അതുകൊണ്ട് തമിഴ്നാട്ടിലെ കന്യാകുമാരി ജില്ലയിലെ

LIBRARY ARCHIVES Kerala Legislative Assembly